**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2957** **10-03-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ അടിയന്തരമായി പൂർത്തിയാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ജൽജീവൻ പദ്ധതി നടത്തിപ്പിൽ സംസ്ഥാനം എത്രാമത്തെ സ്ഥാനത്താണ് നിലകൊള്ളുന്നതെന്ന് അറിയിക്കുമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുള്ള കുടിവെള്ള കണക്ഷനുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുപ്രകാരം സംസ്ഥാനം ദേശീയതലത്തിൽ മുപ്പത്തിനാലാം സ്ഥാനത്താണ്. |
| (ബി) | പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ബി) | 2020 ലാണ് ജല ജീവൻ മിഷൻ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചത്. പദ്ധതിയുടെ ആരംഭഘട്ടത്തിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ 17.50 ലക്ഷം കുടിവെള്ള കണക്ഷനുകളാണ് ഉണ്ടായിരുന്നത് (25%). എന്നാൽ നിലവിൽ ഗ്രാമീണ മേഖലയിലെ കണക്ഷനുകളുടെ എണ്ണം 38.34 ലക്ഷം (55%) ആയി വർദ്ധിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിൽ അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നതിലും പദ്ധതിയുടെ ഭാഗമായുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് മറ്റു വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ട അനുമതികൾ യഥാസമയം ലഭ്യമാകുന്നതിലും കാലതാമസം നേരിട്ടിരുന്നു. നിലവിൽ പ്രസ്തുത തടസ്സങ്ങൾ ഏകദേശം പൂർണമായും പരിഹരിച്ചിട്ടുണ്ട്. ഇനിയും ലഭ്യമാക്കാനുള്ള സ്ഥലങ്ങളും അനുമതികളും ലഭ്യമാക്കുന്നതിനുള്ള നടപടികളും വിവിധതലങ്ങളിൽ നടന്നുവരുന്നുണ്ട്. ഇതിനായി പദ്ധതി നിർവഹണം സംബന്ധിച്ച് പുരോഗതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ജലവിഭവ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ പദ്ധതി പുരോഗതി അവലോകനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ നിരന്തരം അവലോകനം നടത്തി പദ്ധതി നിർവ്വഹണത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പദ്ധതി അവലോകനം നടത്തി നിർവഹണത്തിന് തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി നിർവഹണം പൂർത്തിയാക്കുന്നതിന് ഉള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്. ഫണ്ടിന്റെ അപര്യാപ്തത വഴിയുണ്ടാകുന്ന ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ